**നമ്പർ: 50/2020**

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
ലോകമെങ്ങും കൊറോണ അഥവാ കോവിഡ് 19 വൈറസ് ബാധമൂലമുണ്ടാകുന്ന മരണങ്ങളും മറ്റ് പ്രതിസന്ധികളും അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്നു എന്നത് അത്യന്തം ദു:ഖകരമാണ്. ചൈനയിൽ ഉത്ഭവിച്ച ഈ മാരകമായ രോഗം ഏകദേശം 80 രാജ്യങ്ങളിൽ ഇന്ന് ആയിരക്കണക്കിന് മനുഷ്യരുടെ ജീവനെടുത്തുകൊണ്ട് മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയുയർത്തി അതിന്റെ ഭീകരത വെളിവാക്കിക്കൊണ്ടിരിക്കുന്നു. പകർച്ചവ്യാധികളിൽ നിന്ന് വിടുവിക്കുന്നതിനായി സകല രോഗങ്ങൾക്കും ഉത്തമ വൈദ്യനായ നമ്മുടെ കർത്താവിന്റെ മുമ്പാകെ ഹൃദയം നുറുങ്ങി നമുക്ക് പ്രാർത്ഥനകളും അപേക്ഷകളും സമർപ്പിക്കാം. വസന്തകളുടെയും പകരുന്ന വ്യാധികളുടെയും കാലത്ത് നമ്മുടെ പിതാക്കന്മാർ ചൊല്ലിയിരുന്ന പ്രാർത്ഥനകൾ ഓരോരുത്തരും ഭവനപ്രാർത്ഥനകളിലും വ്യക്തിപരമായ പ്രാർത്ഥനകളിലും ചേർത്ത് ചൊല്ലണം. രോഗികൾ സൗഖ്യം പ്രാപിക്കുവാനും ചികിത്സകൾ അനുഗ്രഹകരമായി തീരുന്നതിനും പ്രാർത്ഥിക്കണം. സ്വജീവൻപോലും ഗണ്യമാക്കാതെ രോഗികളെ ചികിത്സിക്കുന്ന എല്ലാവരെയും ദൈവം ബലപ്പെടുത്തുന്നതിനായി നാം ഉപവസിച്ച് ദൈവത്തോടപേക്ഷിക്കണം. വിദേശത്തും സ്വദേശത്തുമുള്ള നമ്മുടെ ഇടവകകൾ രോഗഭീഷണി നേരിടുന്നു ണ്ട്. ആയതിനാൽ ആരാധനയ്ക്കായുള്ള നമ്മുടെ കൂടിവരവുകളിൽ അതത് രാജ്യങ്ങൾ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് നമ്മുടെ വൈദികർ നൽകുന്ന അറിയിപ്പുകൾ വിശ്വാസികൾ അനുസരിക്കണം. വിശുദ്ധ കുർബ്ബാന മറ്റ് കൂദാശകൾ, പ്രാർത്ഥനായോഗങ്ങൾ, സ്നേഹവിരുന്നുകൾ എന്നിവയ്ക്കായുള്ള കൂടിവരവുകളിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. ദൈവം നമ്മുടെ പ്രാർത്ഥനകളെ കേട്ട് ലോകത്തോട് കരുണ ചെയ്ത് ഈ മഹാമാരിയിൽ നിന്ന് പൂർണ്ണ മോചനം നൽകുന്നതിന് ദൈവം ഇടയാക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 മാർച്ച് മാസം 05-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.